# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1364

22.03.2013ൽ
മറുപടിക്ക്

## ഇന്ദിര ആവാസ് യോജന

ചോദ്യം

ശ്രീ.ഇ.ചന്ദ്രശേഖരൻ

ഉത്തരം

ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

എ) ഇന്ദിര ആവാസ് യോജന ആരംഭിച്ചത് എന്നാണെന്നും ഓരോ വിഭാഗത്തിനും എത്ര ധനസഹായമാണ് നൽകിയിരുന്നതെന്നും അറിയിക്കാമോ; ഇതിൽ കേന്ദ്ര സർക്കാർ, സാംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിഹിതം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

ബി) ഇപ്പോൾ വരുത്തിയ ധനസഹായ വർദ്ധനവിനുശേഷം ഓരോ വിഭാഗത്തിനും എത്രയാണ് സഹായമെന്നും ഇതിൽ വിവിധ വിഭാഗങ്ങളിൽ നിന്നും ഉള്ള വിഹിതം എത്ര വീതമെന്ന് അറിയിക്കാമോ;

എ)യും ബി)യും

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജന ആരംഭിച്ചത് 1996-97 കാലയള വിലാണ്. ഇപ്പോൾ കേന്ദ്ര സംസ്ഥാന വിഹിതമായി നൽകിവരുന്നത് 48,500/- രൂപയാണ്. ഇതിൽ കേന്ദ്ര വിഹിതം 36,375/- രൂപയും (75%) സംസ്ഥാന വിഹിതം 12,125/- രൂപയുമാണ് (25%) എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഇന്ദിരാ ആവാസ് യോജന ഗുണ ഭോക്താകൾക്ക് നൽകിവരുന്ന ഭവന നിർമ്മാണ ധനസഹായം പട്ടികജാതി വിഭാഗത്തിനും പൊതു വിഭാഗത്തിനും 2 ലക്ഷം രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിന് 2.50 ലക്ഷം രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇതു മൂലമുണ്ടാകുന്ന അധിക ബാധ്യത ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ വഹിക്കുന്നു. സംസ്ഥാന വിഹിതമായി 7,5000/- രൂപ അനുവദിക്കുന്നതാണ്

| | |
|---|---|
| സി) വർദ്ധിപ്പിച്ച തോതിലുള്ള ധനസഹായം എത്ര പേർക്ക് നൽകിയെന്നും മുകളിൽ പറഞ്ഞ ഓരോ വിഭാഗവും അവരവരുടെ വിഹിതം പൂർണ്ണമായി നൽകിയിട്ടുണ്ടോ യെന്നും അറിയിക്കാമോ; | സി) വിവരം ശേഖരിച്ചു വരുന്നു. |
| ഡി) വർദ്ധനവിന് മുമ്പ് വീടുകൾ അനുവദി ക്കുകയും എന്നാൽ ധനസഹായം പൂർണ്ണ മായും കൈപ്പറ്റാതിരിക്കുകയും പണിപൂർ ത്തിയാകാതിരിക്കുകയും ചെയ്തവർക്ക് പുതിയ വർദ്ധനവ് ബാധകമാക്കുമോ; ഇ ല്ലെങ്കിൽ ബാധകമാക്കാൻ നടപടി സ്വീ കരിക്കുമോ? | ഡി) 01.04.2011 നുശേഷം എഗ്രിമെന്റ് വയ്ക്കുകയും 15.09.2011 നുശേഷം വാങ്ങിയ ഗഡുകൾക്കുമാണ് വർദ്ധനവ് വരുത്തിയ നിരക്ക് ബാധകമാക്കിയിട്ടുള്ളത്. 01.04.2011 ന് മുമ്പ് പ്രവൃത്തി ആരംഭിക്കുകയും, വീട് പൂർത്തിയാക്കാതിരിക്കുകയും ചെയ്യുന്നവർക്ക് വർദ്ധനവ് ബാധകമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

2